വിശകലനം ●

ഫഹ്മീ ഹുവൈദി

# ആ ഉച്ചകോടിയും കഴിഞ്ഞു

**ലിബിയൻ** നഗരമായ സിർത്തിൽ ഈയിടെ ചേർന്ന അറബ് ലീഗ് ഉച്ചകോടിയിൽ തുർക്കി പ്രധാന മന്ത്രി ഉർദുഗാൻ പ്രഖ്യാപിച്ചു: "ഇസ്തംബൂളിന്റെ ഭാവി ഖുദ്സിന്റെ ഭാവിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. തുർക്കിയുടെ ഭാവി അറബ് ലോകത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു." വനരോദനം പോലെ ഒന്നായിരുന്നു ഈ പ്രസ്താവന. കാരണം, കേൾവിക്കാരായ അറബ് നേതാക്കളിൽ അധികപേർക്കും ഇക്കാര്യത്തിൽ മറ്റൊരു അഭിപ്രായമാണ് ഉള്ളതെന്ന് തോന്നി.

മിക്കവരും മറന്ന, ബാക്കിയുള്ളവർ കണ്ടില്ലെന്ന് നടിച്ച സ്ട്രാറ്റജിയുമായി ബന്ധപ്പെട്ട ഒരു സുപ്രധാന യാഥാർഥ്യത്തെക്കുറിച്ച ഉണർത്തലായിരുന്നു ഉർദുഗാന്റെ പ്രസ്താവം. അതായത് ഖുദ്സിനെ ജൂതവത്കരിക്കുന്നതിലും ഫലസ്ത്വീനികളെ പിഴുത് മാറ്റുന്നതിലും ഇസ്രയേൽ വിജയിക്കുന്നു എന്നതിനർഥം, മധ്യ പൗരസ്ത്യദേശത്തുടനീളം അവർ വിജയക്കൊടി പാറിക്കുന്നു എന്നു തന്നെയാണ്. ഇത് കേവലം ജൂതകുടിയേറ്റം വ്യാപിപ്പിക്കുന്ന പ്രശ്നമായി ചുരുക്കിക്കാണാൻ കഴിയില്ല. ജൂതകുടിയേറ്റ വ്യാപനത്തിന് പിന്നിൽ മേഖലയെ പാശ്ചാത്യനുകക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യമാണുള്ളത്. ജൂതരാഷ്ട്രത്തിന്റെ യഥാർഥ രക്ഷാധികാരികളും പാശ്ചാത്യർ തന്നെയാണല്ലോ. ഇതാണ് നിലയെങ്കിൽ, മേഖലയിലെ ഒരു രാഷ്ട്രവും അപകടവിമുക്തമല്ല. അറബ് നാടുകൾ മാത്രമല്ല, തുർക്കിയും ഇറാനും വരെ. അതിനാൽ ജൂതകുടിയേറ്റത്തിന് എറിഞ്ഞുകൊടുക്കാവുന്ന ഒരു സാദാ ഫലസ്ത്വീനി നഗരമായി നമുക്ക് ഖുദ്സിനെ കാണാൻ കഴിയില്ല. അത് മുഴു ഇസ്ലാമിക ലോകത്തിന്റെയും ചിഹ്നവും പ്രതീകവുമാണ്.



ഉർദുഗാൻ മറ്റൊരു കാര്യം കൂടി പറയുകയുണ്ടായി. ഇസ്രയേൽ ഖുദ്സിൽ കാണിക്കുന്നത് തനി ഭ്രാന്താണ്. സ്ട്രാറ്റജിക് കോണിലൂടെ നോക്കുമ്പോൾ ശരിയായ വായനയാണത്. അപ്രായോഗികവും അയുക്തികവുമായത് ബലപ്രയോഗത്തിലൂടെ നടപ്പിൽ വരുത്താനാണ് ഇസ്രയേലിന്റെ ഭ്രാന്തൻ കളികൾ. അത് മേഖലയിലെ ശാക്തിക സംതുലനത്തെ തകിടം മറിക്കുകയും



■ ഖുദ്സിലെ സയണിസ്റ്റ് നശീകരണ പ്രവർത്തനങ്ങൾ കാർട്ടൂണിസ്റ്റിന്റെ ദൃഷ്ടിയിൽ

ഇസ്രയേലിന്റെ അസ്തിത്വത്തെ തന്നെ പിടിച്ചുകുലുക്കുന്ന പുതിയ 'ഭ്രാന്തന്മാരുടെ' രംഗപ്രവേശത്തിന് വഴിയൊരുക്കുകയും ചെയ്യും. ഇതേക്കുറിച്ചൊക്കെ നല്ല ഗ്രാഹ്യമാണ് തുർക്കി പ്രധാനമന്ത്രിക്ക്. അതുകൊണ്ടാണ് കവി മുരീദ് ബർഗൂസി അറബ് ഉച്ചകോടിയിൽ പങ്കെടുക്കുന്ന 'ഏക അറബി' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

ഖുദ്സ് വിഷയത്തിൽ ഒട്ടുമേ മൂർച്ചയില്ലാത്ത പ്രസ്താവനകളും താക്കീതുകളും മാത്രമാണ് അറബ് ഉച്ചകോടിയുടെ ബാക്കി പത്രം. ഖുദ്സിനു വേണ്ടി ഒരു പ്രത്യേക കമ്മിറ്റി, അതുമായി ബന്ധപ്പെട്ട് അഞ്ച് മില്യൻ ഡോളർ സഹായ ധനം, പ്രശ്നത്തിൽ അന്താരാഷ്ട്ര കോടതിയുടെ സഹായം തേടൽ– തീർന്നു കാര്യപരിപാടി. ഉച്ചകോടി പ്രമേയങ്ങളെ ഇസ്രയേൽ പുഛത്തോടെ തള്ളുകയും പാശ്ചാത്യരുടെ സഹായത്തോടെ കുടിയേറ്റ അജണ്ടയിൽ യാതൊന്നും വെട്ടിക്കുറക്കാതെ മുന്നോട്ട് പോവുകയും ചെയ്യുന്നു.

സിർത്തിൽ ഉച്ചകോടി തുടങ്ങുമ്പോൾ തന്നെ അറബ് നേതൃത്വത്തിന്റെ തലക്കു മീതെ ഭീഷണി തൂങ്ങിനിൽപുണ്ട്. ഖുദ്സ്, ചർച്ചക്ക് പുറത്താണെന്നും ജൂതരെ കുടിയിരുത്തുന്നതും ഫലസ്തീനികളെ കുടിയൊഴിപ്പിക്കുന്നതും നിർത്തുകയില്ലെന്നുമാണ് വാഷിംഗ്ടണിൽ ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹു പ്രഖ്യാപിച്ചത്. അഖ്സാ മസ്ജിദിന്റെ താഴെയും പരിസരത്തുമായി ഇസ്രയേൽ നടത്തുന്ന കുഴികുത്തലുകൾ അപ്പോഴും നിർബാധം തുടർന്നു. അഖ്സ്വാ പള്ളി എപ്പോൾ ഇടിഞ്ഞുവീഴുമെന്നത് ഇനി സമയത്തിന്റെ മാത്രം പ്രശ്നമാണ്. പോലീസിന്റെ ഒത്താശയോടെ ജൂതകുടിയേറ്റക്കാർ അഖ്സ്വാ മസ്ജിദിൽ അതിക്രമിച്ച് കയറുന്നതും പതിവായിരിക്കുന്നു. പഴയ മസ്ജിദുകൾ കൈയേറി അവയെ ജൂത സ്മാരകങ്ങളാക്കുന്ന നികൃഷ്ട രീതിയും സയണിസ്റ്റ് ഭരണകൂടം പിന്തുടരുന്നു. അൽ ഖലീലിലെ ഇബ്റാഹീമീ മസ്ജിദും ബൈതുലഹ്മിലെ ബിലാലുബ്നു റബാഹ് മസ്ജിദും

ഇങ്ങനെ ജൂത സ്മാരകങ്ങളാക്കപ്പെട്ടവയാണ്.

ഫലസ്ത്വീൻ പ്രശ്നത്തിൽ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ ഈ വർഷാദ്യം നൽകിയ എല്ലാ വാഗ്ദാനങ്ങളും അലസിപ്പിക്കുന്നതിൽ നെതന്യാഹു വിജയിച്ചു. ഫലസ്ത്വീൻ രാഷ്ട്ര രൂപവത്കരണ ചർച്ചക്ക് അനുകൂല സാഹചര്യമൊരുക്കുന്നതിന് ജൂത കുടിയേറ്റം നിർത്തിവെപ്പിക്കും (താൽക്കാലികമാണേ) എന്നായിരുന്നു ഒരു വാഗ്ദാനം. മാർച്ച് ഒമ്പതിന് ഇസ്രയേൽ സന്ദർശിച്ച അമേരിക്കൻ വൈസ് പ്രസിഡന്റ് ജോ ബൈഡനെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ട് 1600 പുതിയ കുടിയേറ്റ ബ്ലോക്കുകൾ തുറക്കും എന്നായിരുന്നു നെതന്യാഹുവിന്റെ പ്രഖ്യാപനം. അത് അമേരിക്ക-ഇസ്രയേൽ ബന്ധത്തിൽ വിള്ളലുണ്ടാക്കി എന്നൊക്കെ വാർത്തയുണ്ടായിരുന്നു. കുടുംബത്തിനകത്തെ അസ്വാരസ്യം പോലെ കണ്ടാൽ മതി അതിനെ.

ഇതെല്ലാം നെതന്യാഹു ചെയ്യുന്നത് അറബ് ഉച്ചകോടി ചേരുന്നതിന് മുമ്പാണ്. ഒരു അറബ് തിരിച്ചടിയെക്കുറിച്ച യാതൊരു ആശങ്കയും അയാൾക്കുണ്ടായിരുന്നില്ല. ഉച്ചകോടിക്ക് ധീരമായ ഒരു രാഷ്ട്രീയ നിലപാട് (ബന്ധങ്ങൾ വിഛേദിക്കുക, വ്യാപാര ബന്ധങ്ങൾ അവസാനിപ്പിക്കുക പോലുള്ളവ) സ്വീകരിക്കാനാവില്ലെന്ന് ഇസ്രയേൽ ഭരണകൂടത്തിന് നല്ല ഉറപ്പുണ്ടായിരുന്നു. ഉച്ചകോടി ഇസ്രയേൽ ശ്രദ്ധിച്ചില്ലെന്ന് മാത്രമല്ല, അത് ലിബിയയിലേക്ക് മാറ്റിയതിനെ അവരുടെ ചില കോളമിസ്റ്റുകൾ കണക്കിന് പരിഹസിക്കുകയും ചെയ്തു.

ദുബൈയിൽ വെച്ച് ഹമാസ് നേതാവ് മഹ്മൂദ് മബ്ഹൂഹിനെ വധിക്കാൻ ഇസ്രയേൽ ചാര സംഘടന ചില പാശ്ചാത്യ രാഷ്ട്രങ്ങളുടെ പാസ്പോർട്ടുകളിൽ കൃത്രിമം കാണിച്ചതിനെത്തുടർന്ന് ആ നാടുകളിൽനിന്ന് ഉയർന്ന പ്രതിഷേധ സ്വരങ്ങളാണ് അന്നേരം ഇസ്രയേലിനെ ഏറെ അസ്വസ്ഥപ്പെടുത്തിയിരുന്നത്. ലണ്ടനിലെ ഇസ്രയേലി എംബസിയിൽനിന്ന് ഒരു മൊസാദ് ഏജന്റിനെ ബ്രിട്ടൻ പുറത്താക്കുക വരെ ചെയ്തു. അയർലന്റ്, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമനി തുടങ്ങിയ രാഷ്ട്രങ്ങളുടെ പാസ്പോർട്ടുകളും ദുരുപയോഗം ചെയ്തതിനാൽ ഈ രാഷ്ട്രങ്ങളും ബ്രിട്ടന്റെ നിലപാട് സ്വീകരിക്കുമോ എന്നായിരുന്നു അവരുടെ പേടി. അതവർ പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. ആ സമയത്തൊക്കെ ഖുദ്സിൽ നശീകരണ പ്രവൃത്തികൾ ഇസ്രയേൽ തുടരുന്നുണ്ടായിരുന്നു. അതിനെക്കുറിച്ചാവട്ടെ അവർക്ക് യാതൊരു ആശങ്കയും ഉണ്ടായിരുന്നുമില്ല.

ഉച്ചകോടിയെക്കുറിച്ച ഇസ്രയേലിന്റെ വായന തെറ്റായിരുന്നില്ലെന്ന് പിന്നീട് തെളിഞ്ഞു. ഇസ്രയേലിനെതിരെ എന്തെങ്കിലും സമ്മർദങ്ങൾ പ്രയോഗിക്കുന്നതിനെ ഈജിപ്തും ജോർദാനും എതിർത്തു എന്നാണ് വിവരം. ■

# തുർക്കികൾ വരവായി

സിർത്തിലെ അറബ് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയവരെ സ്വീകരിച്ചത് ഒരു സംഘം യുവതികൾ. അവർ മുറിയൻ അറബിയിൽ സ്വാഗത വചനങ്ങൾ പറയുന്നു. അതിനേക്കാൾ ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കുന്നു. സമ്മേളന ഹാളിലേക്കും ഭക്ഷണ ഹാളിലേക്കും വഴികാട്ടുന്നതും ഈ യുവതികൾ തന്നെ. ഈ ഹാളുകളിൽ എത്തിക്കഴിഞ്ഞാൽ നീലക്കണ്ണുകളുള്ള, തൊലി വെളുപ്പുള്ള ദീർഘകായരായ ഒരു സംഘം യുവാക്കൾ ആതിഥേയരായി രംഗപ്രവേശം ചെയ്യുന്നു. മുറിയൻ അറബിയിലും ഒഴുക്കുള്ള ഇംഗ്ലീഷിലുമായി സ്വാഗത വചനങ്ങൾ. അപ്പോഴാണ് അതിഥികളിൽ ഒരാൾ ശ്രദ്ധിച്ചത്, ഈ യുവാക്കൾ പരസ്പരം സംസാരിക്കുന്നത് തുർക്കി ഭാഷയിലാണല്ലോ എന്ന്.

കാരണമെന്തന്നല്ലേ? ഇത്തവണത്തെ അറബ് ഉച്ചകോടിയുടെ നടത്തിപ്പ് ചുമതല ലേലം വിളിച്ചേറ്റെടുത്തത് ഒരു തുർക്കി കമ്പനിയായിരുന്നു- പത്ത് മില്യൻ ഡോളറിന്. ഭക്ഷണ വിതരണവും ഇതിൽ ഉൾപ്പെട്ടിരുന്നു. ഭക്ഷണ വിഭവങ്ങളിൽ 90 ശതമാനവും കമ്പനി തുർക്കിയിൽനിന്നു തന്നെ കൊണ്ടുവരികയായിരുന്നു. അതിഥികളെ സേവിക്കുന്നതിനായി ആയിരം യുവതീ യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.

ലണ്ടനിൽ നിന്നിറങ്ങുന്ന *അൽഹയാത്ത്* ദിനപത്രം (27.3.2010), അറബ് ഉച്ചകോടിയിലെ മറ്റൊരു ടർക്കിഷ് സാന്നിധ്യം വാർത്തയാക്കി. ഉച്ചകോടിയിൽ അതിഥികളുടെ പരിചരണം മാത്രമല്ല, അതിന് വേണ്ട കെട്ടിട സമുച്ചയങ്ങൾ ഒരുക്കിയതും ഒരു ടർക്കിഷ് കമ്പനിയായിരുന്നു എന്നാണ് പത്രം

റിപ്പോർട്ട് ചെയ്തത്. ടർക്കിഷ് കമ്പനി *നാലിത്കോ* 150 മില്യൻ ഡോളറിനാണ് ഇത് ലേലം വിളിച്ചത്. സിർത്ത്, ട്രിപ്പോളി നഗരങ്ങളിൽ കൊട്ടാരങ്ങളും അതിഥി മന്ദിരങ്ങളും ഹോട്ടലുകളും വരെ ഈയാവശ്യാർഥം കമ്പനി നിർമിച്ചു. അതും ഒമ്പത് മാസത്തിനുള്ളിൽ.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇത് അഞ്ചാമത്തെ തവണയാണ് ലിബിയയിൽ ഒരു തുർക്കി കമ്പനി ഇതുപോലുള്ള ഒരു വൻകിട സമ്മേളനത്തിന് ആതിഥ്യമൊരുക്കുന്നത്. ഫർണിച്ചറും ഭക്ഷണവും മെഡിക്കൽ സാമഗ്രികളും എല്ലാം തുർക്കിയിൽനിന്ന് കൊണ്ടുവരും. കൊണ്ടുവരാനാണെങ്കിൽ ഇപ്പോൾ യാതൊരു തടസ്സവുമില്ല. കുറച്ച് മാസങ്ങൾക്ക് മുമ്പാണ് ലിബിയയും തുർക്കിയും തങ്ങളുടെ പൗരന്മാർക്ക് പരസ്പരം അതിർത്തി കടക്കാൻ വിസ ആവശ്യമില്ലെന്ന് പ്രഖ്യാപിച്ചത്. ഇത് വികസനത്തിന്റെ വലിയൊരു വാതിലാണ് തുറന്നിട്ടത്. വ്യക്തികളുടെ മാത്രമല്ല, ചരക്കുകളുടെയും വിനിമയവും സഞ്ചാരവും വർധിച്ചു. ഇത് ഇരു രാഷ്ട്രങ്ങളുടെയും താൽപര്യങ്ങൾക്ക് അനുഗുണമാണ്. ലിബിയ–തുർക്കി വ്യാപാരം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പത്ത് ബില്യൻ ഡോളറാക്കി ഉയർത്താനും തീരുമാനമായിട്ടുണ്ട്. കഴിഞ്ഞ വർഷം അത് 1.6 ബില്യൻ ആയിരുന്നു. 2003–ൽ ഇത് 225 മില്യൻ മാത്രമായിരുന്നു എന്നോർക്കണം. നിങ്ങളുടെ അറിവിലേക്കായി മറ്റൊരു കാര്യം കൂടി പറയാം. സിറിയ, ലബ്നാൻ, ജോർദാൻ എന്നീ അറബ് രാജ്യങ്ങളിൽനിന്ന് വരുന്ന പൗരന്മാർക്ക് തങ്ങളുടെ രാജ്യത്ത് കടക്കാൻ വിസ ആവശ്യമില്ലെന്ന് കഴിഞ്ഞ വർഷമാണ് തുർക്കി തീരുമാനിച്ചത്.

അറബ് രാജ്യങ്ങൾ സൃഷ്ടിക്കുന്ന മഹാ ശൂന്യതയിൽ ചടുലമായ കാൽവെപ്പുകളുമായി ഒരു തുർക്കിയെങ്കിലുമുണ്ട്, നമ്മുടെ പ്രതീക്ഷയായി. ■